**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2913** **10-03-2025 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാറിൽ പുതിയ ഡാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നത് സംബന്ധിച്ച നയം എന്താണെന്ന് അറിയിക്കാമോ; ഇതിനായി പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയത്; വിശദാംശം നൽകുമോ; | (എ) | മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കണമെന്നതാണ് കേരള സർക്കാരിന്റെ നയം. കേരളത്തിന് സുരക്ഷ തമിഴ്നാടിന് ജലം എന്ന സംസ്ഥാനത്തിന്റെ പ്രഖ്യാപിത നയം ഫലപ്രാപ്തിയിൽ എത്തിക്കുവാൻ നിലവിലെ അണക്കെട്ടിന് താഴെയായി ഉചിതമായ സ്ഥലത്ത് പുതിയ അണക്കെട്ട് നിർമ്മിക്കുന്നതാകും ശാശ്വത പരിഹാരം എന്നതാണ് കേരളം സ്വീകരിച്ചിരിക്കുന്ന നിലപാട്. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനായി പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ട്. Pragathi Labs Consultants Pvt. Ltd, Plot No.B15 & 16, Industrial Estate, Behind Pollution Control Board, Sanath Nagar, Hyderabad എന്ന ഏജൻസി ആണ് പഠനം നടത്തുന്നത്. |
| (ബി) | ഇതുമായി ബന്ധപെട്ട് പഠനം നടത്തിയ പ്രഗതി ലാബ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പരിസ്ഥിതി ആഘാത പഠനം നടത്തിയതിന്റെ കരട് റിപ്പോർട്ട് പ്രഗതി ലാബ്സ് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് അന്തിമമായിട്ടില്ല. |
| (സി) | പ്രസ്തുത ഡാം നിർമ്മിക്കുന്നതിനുള്ള 'സ്പെഷ്യൽ പർപ്പസ് വെഹിക്കിളി' ന് രൂപം നൽകാൻ സാധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | പുതിയ ഡാം നിർമ്മാണം യാഥാർത്ഥ്യമാകുന്നതിന് അവശേഷിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | പുതിയ ഡാം നിർമ്മാണത്തിനായി പാരിസ്ഥിതിക അനുമതി (Environmental Clearance), Forest Clearance, Wild Life Clearance, കേന്ദ്ര ജല കമ്മിഷന്റെ Techno Economic Clearance എന്നീ അനുമതികൾ നേടി എടുക്കേണ്ടതായിട്ടുണ്ട്. കൂടാതെ മുല്ലപ്പെരിയാർ പുതിയ ഡാം പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ടിന് (DPR) അംഗീകാരം നേടി എടുക്കേണ്ടതായിട്ടും ഉണ്ട്. മേൽപ്പറഞ്ഞ അനുമതികൾ നേടുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. എന്നിരുന്നാലും ഇക്കാര്യങ്ങളെല്ലാം സംബന്ധിച്ച് കേരളവും തമിഴ്നാടും |

| | | | |
|---|---|---|---|
| | | | തമ്മിൽ ബഹു. സുപ്രീം കോടതിയിൽ കേസ് നിലവിലുള്ളതിനാൽ അക്കാര്യങ്ങൾകൂടി പരിഗണിച്ചേ അന്തിമതീരുമാനത്തിലെത്തുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ